

കേരള സർ ക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

രാമങ്കരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർ ട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയി® : ddhglfalpy@gmail.com

ഫോ® : 0477-2252753

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ/എ.എൽ.പി/പി10/1220/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/12/2025
ഇ-മെയി® : ddhglfalpy@gmail.com
ഫോ® : 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുടൻ® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പ® : കെ.എസ്.എ/എ.എൽ.പി/പി10/1220/2025 തീയ്യതി: 03/12/2025

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ®ട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുത® 31-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുക® ന® കിയതി® 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ® :

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സജിതാ ദാസ്	ഡെപ്യൂട്ടി ഡയറക്ടർ	22-09-2025	29-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-09-2025	29-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ® :

ശ്രീ.പുഷ്പരാജ് വി.കെ., ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമോൾ പി.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

(ബി)നി® വഹണാധികാരിക®

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആർ രാജേന്ദ്രകുമാർ	പ്രസിഡന്റ്	01-04-2024	14-05-2024
ശ്രീ.സജീവ്	പ്രസിഡന്റ്	15-05-2024	01-06-2024
ശ്രീ.ബിൻസ് ജോസഫ്	പ്രസിഡന്റ്	02-06-2024	12-06-2024
ശ്രീ.ആർ രാജുമോൻ	പ്രസിഡന്റ്	13-06-2024	31-03-2025
ശ്രീ.ജെനിമോൻ എസ്	സെക്രട്ടറി	01-04-2024	31-03-2025

നി® വ്വഹണഉദ്യോഗസ്ഥ®

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. വിനോദ്	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി	01-04-2024	28-07-2024
ഡോ. സ്മിത സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി	29-07-2024	31-03-2025
ഡോ. വിനിത പി എം	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025

ശ്രീമതി സ്മിത ആർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി അമൃതലക്ഷ്മി എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	15-08-2024
ശ്രീമതി. അജിഷ എം വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	16-08-2024	31-03-2025
ശ്രീമതി . സിനി എസ് നായർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	11-08-2024
ശ്രീമതി .ഗായത്രി കെ എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	12-08-2024	31-03-2025
ശ്രീ.ബെനഡിക്ട് വി ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	06-09-2024
വേക്കന്റ്	അസിസ്റ്റന്റ് എഞ്ചിനീയർ	07-09-2024	08-10-2024
ശ്രീമതി . ഷീന സി	അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്ജ്)	09-10-2024	06-11-2024
ശ്രീമതി.അഷിത എം	അസിസ്റ്റന്റ് എഞ്ചിനീയർ	07-11-2024	31-03-2025

ശ്രീമതി.അമ്പിളി എസ്	ഹെഡ് മിസ്ട്രസ്സ്	01-04-2024	31-03-2025
ഡോ. വിപിൻ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ സജി പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	26-04-2024
		08-10-2024	27-11-2024
		22-12-2024	21-01-2025
ശ്രീ ജെനിമോൻ എസ് (അധിക ചുമതല)	അസിസ്റ്റന്റ് സെക്രട്ടറി	27-04-2024	07-10-2024
		28-11-2024	21-12-2024
		22-01-2025	31-03-2025
ശ്രീമതി.രാഖി ജി ആർ	കൃഷി ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	റേഷ്യോസ്, നോട്ട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല	1-1-2
4	റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റിലെയും ബാങ്ക് പാസ്ബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല	1-1-3
5	ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-4
6	ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്യപ്പെടുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല	1-1-5
7	ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല	1-1-6
8	ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല	1-1-7
9	ഫെസ്റ്റിവൽ അഡ്വാൻസ് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു	1-1-8

10	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് പത്രിക, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ആസ്തിയിൽ ഉൾപ്പെട്ടില്ല	1-1-10
12	യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല	1-1-11
13	ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാധ്യതയ്ക്ക് തത്തുല്യമായ നീക്കിയിരിപ്പില്ല	1-1-12
14	6,50,000/-രൂപയുടെ സ്ഥിര നിക്ഷേപം ബാലൻസ് ഷീറ്റിൽ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല	1-1-13
15	സ്ഥിര നിക്ഷേപം - ബാങ്ക് ബാലൻസിലും ഉൾപ്പെടുത്തിയിരിക്കുന്നു	1-1-14
16	സാമൂഹിക സുരക്ഷ പെൻഷനുകൾ- വാർഷിക കണക്കും, സേവന പോർട്ടലിൽ നിന്നുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല	1-1-15
17	സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ- ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല	1-1-16
18	ലോൺ തിരിച്ചടവ് -ശരിയായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല	1-1-17
19	പെർഫോമൻസ് ഗ്രാന്റ് - ലാപ്സായ തുകയ്ക്ക് ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു	1-1-18
20	വെള്ളക്കരം കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല	1-1-19

21	ബജറ്റ്	1-2
22	സാമ്പത്തിക വിശകലനം	1-3
23	ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ ന്യൂനതകൾ	1-4-1
24	ഗ്രാന്റ് വിനിയോഗം	1-4
25	പദ്ധതി അവലോകനം	1-5
26	തൊഴിലുറപ്പ് പദ്ധതി	1-6
27	ക്ഷേമ പദ്ധതികൾ	1-7
28	ക്യാഷ് വെരിഫിക്കേഷൻ	1-8
29	ആഭ്യന്തര നിയന്ത്രണം	1-9
30	വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്	1-10
31	വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-11
32	വൃദ്ധർക്ക് കട്ടിൽ വിതരണം -പദ്ധതി നിർവ്വഹണത്തിലെ അപാകത	1-12
33	അങ്കണവാടികളിലേയ്ക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ-കാട്ട് ചെയ്തതിലും അധികനിരക്കിൽ വാങ്ങൽ നടത്തി	1-13
34	മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കു വരുത്തുന്നില്ല	1-14

35	എച്ച്.എം. ഗവ.യു.പി.എസ്. വേഴപ്ര, രാമങ്കരി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല	1-15
36	മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-16
37	സ്റ്റോക്ക്,വിതരണ രേഖകൾ ലഭ്യമാക്കിയില്ല	1-17
38	ഭിന്നശേഷിക്കാർക്ക് ഷെൽട്ടർ നിർമാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-18
39	പൊതു ടാപ്പുകൾ കട്ട് ചെയ്യൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-19
40	ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ -മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമല്ലാത്ത ചെലവ് നടത്തി	1-20
41	വീട് വാസയോഗ്യമാക്കൽ-മുൻകൂർ കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല	1-21
42	ലൈഫ് ഭവന പദ്ധതി -നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ വിവരം	1-22
43	പഠനമുറി നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-23
44	വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാനുൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല	1-24
45	ഒരേയിനം സാധനങ്ങൾ വ്യത്യസ്തനിരക്കിൽ വാങ്ങുന്നത് മൂലം അധികച്ചെലവുണ്ടാകുന്നു	1-25

46	പി.എച്ച്.സി ചുറ്റുമതിൽ I.E.C -പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-26
47	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല	1-27
48	മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല	1-28
49	മരാമത്ത് പ്രവൃത്തികൾ നിയമപ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കാതെ നിർവ്വഹിക്കുന്നു	1-29
50	റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി കൃത്യമായി നടപ്പാക്കാത്തത് മൂലം അറ്റകുറ്റപ്പണികളിൽ അധിക ചെലവ് ഉണ്ടാകുന്നു	1-30
51	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാറുകാരിൽ നിന്നും ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല	1-31
52	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -കയർ ഭൂവസ്ത്രം വിരിക്കലുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ	1-32
53	വെള്ളക്കരം- കുടിശ്ശികയും ഫൈനും വർദ്ധിക്കുന്നു	1-33
54	ജൽജീവൻ പദ്ധതി-അവലോകനം	1-34
55	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-35

ഭാഗം 2

--- No Records Found ---

ഭാഗം 3		
1	വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-സിഡ്കോയ്ക്ക് അധിക തുക നൽകി	3-1
2	അങ്കണവാടികളിലേയ്ക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ-കപാട്ട് ചെയ്തതിലും അധികനിരക്കിൽ വാങ്ങൽ നടത്തി	3-2
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1-1 റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2) (ഇ),(എഫ്) എന്നിവ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.1 തീയതി 24.09.2025) മറുപടി ലഭ്യമാക്കിയില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.04.2025-ലെ കമ്മറ്റി 17(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ

വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹4282144/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [₹3749862/-] പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 24.09.2025) മറുപടി ലഭ്യമാക്കിയില്ല.

1-1-3 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെയും ബാങ്ക് പാസ്ബുക്കിലെയും നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പും യഥാർത്ഥ ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ക്രമ നം.	ബാങ്ക് അക്കൗണ്ട്	റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പ്	ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്
1	KERALA GRAMIN BANKUPI PAYMENT (40644111000557)	11,27,430	11,20,450
2	State Bank Of India 2-(67047053428)	6,90,804	6,92,952

1-1-4 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ ചുവടെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

ക്രമ നം.	ബാങ്കിന്റെ പേര്	അക്കൗണ്ട് നം.	അക്കൗണ്ട് ഉടമയുടെ പേര്	അക്കൗണ്ട് ആരംഭിച്ച തീയതി
1	കേരള ഗ്രാമീൺ ബാങ്ക്	40644101099144	വാതിൽപ്പടി സേവനം	25.04.2022
2	കേരള ഗ്രാമീൺ ബാങ്ക്	40644101099744	സെക്രട്ടറി	22.09.2021
3	കേരള ഗ്രാമീൺ ബാങ്ക്	40644101088281	സെക്രട്ടറി	13.04.2021
4	കേരള ഗ്രാമീൺ ബാങ്ക്	40644101043437	സെക്രട്ടറി	23.02.2018
5	കേരള ഗ്രാമീൺ ബാങ്ക്	406441111000742	സെക്രട്ടറി	20.03.2025
6	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	40904402616	Health Grant Towards Buildingless Sub Centres PHCs CHCs	07.04.2022

1-1-5 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്യപ്പെടുന്ന തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല

രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ Treasury Fixed Deposit Interest (799010100079346) അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്ന് രേഖപ്പെടുത്തി താഴെപ്പറയും പ്രകാരമുള്ള തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

ക്രമ നം.	തീയതി	തുക
1	03.10.2022	4,027/-
2	03.05.2023	2,089/-
3	29.10.2024	2,462/-
4	29.10.2024	22,500/-

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പട്ടികയിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-6 ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

Nationalised Bank Account Of Own Revenue Fund ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തന്മൂലം ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

1-1-7 ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വർഷാന്ത്യം ക്ലോസ് ചെയ്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-8 ഫെസ്റ്റിവൽ അഡ്വാൻസ് നെഗറ്റീവ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നെഗറ്റീവ് തുക [(-)4000/-] ഉൾപ്പെട്ടതായി കാണുന്നു.

1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് പത്രിക, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Central Finance Commission Grant-Basic Grant, Performance Grant, Tied Fund എന്നീ ഇനങ്ങളിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 42,91,859/-രൂപയാണ് (1880988+430862+1980009). എന്നാൽ സൂലേഖ ചെലവ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം ഈയിനത്തിലുള്ള ചെലവ് 42,69,560/-രൂപ എന്ന് കാണുന്നു.

1-1-10 വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക ആസ്തിയിൽ ഉൾപ്പെട്ടില്ല

ഉപയോഗക്ഷമമല്ലാത്ത കുടിവെള്ള ടാപ്പ് കട്ട് ചെയ്യുന്നതിനായി തൻവർഷം വാട്ടർ അതോറിറ്റിയിൽ 77,000/-രൂപ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. ടി തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18- Advances To Implementing Agencies – Deposit With Kerala Water Atuthority എന്ന ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1-1-11 യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 20.11.2024-ലും, 31.03.2025-ലും മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-12 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാധ്യതയ്ക്ക് തത്തുല്യമായ നീക്കിയിരിപ്പില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ടൈഡ്, അൺടൈഡ്) അവശേഷിക്കുന്ന ബാധ്യത 40,56,081/-രൂപയാണ്. എന്നാൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ [Kerala Gramin Bank CFC (40644101059359)] 41,93,070/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

1-1-13 6,50,000/-രൂപയുടെ സ്ഥിര നിക്ഷേപം ബാലൻസ് ഷീറ്റിൽ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല

രാമങ്കരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 30.10.2024-ൽ മങ്കൊമ്പ് സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള 6,50,000/-രൂപയുടെ സ്ഥിര നിക്ഷേപം (നം.799010503021294) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12-ൽ Investment-Fixed Deposit എന്ന ശീർഷകത്തിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1-1-14 സ്ഥിര നിക്ഷേപം - ബാങ്ക് ബാലൻസിലും ഉൾപ്പെടുത്തിയിരിക്കുന്നു

രാമങ്കരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മങ്കൊമ്പ് സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള 10,00,000/-രൂപയുടെ സ്ഥിര നിക്ഷേപം (നം.799010501734993) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12-ൽ Investment-Fixed Deposit എന്ന ശീർഷകത്തിലും, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 Cash And Bank Balalnece-ലും (Sub Treasury Moncombu- .799010501734993) ഒരേ പോലെ ഉൾപ്പെട്ടിരിക്കുന്നു.

1-1-15 സാമൂഹിക സുരക്ഷ പെൻഷനുകൾ- വാർഷിക കണക്കും, സേവന പോർട്ടലിൽ നിന്നുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ സേവന പോർട്ടലിൽ നിന്നുള്ള സാമൂഹിക സുരക്ഷ പെൻഷനുകളുടെ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	വാർഷിക കണക്ക് പ്രകാരമുള്ള തുക	സേവന പോർട്ടലിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരമുള്ള തുക

1	വിധവ പെൻഷൻ	60,53,200	60,59,800
2	വാർദ്ധക്യ കാല പെൻഷൻ	1,31,34,000	1,31,38,200
3	വികലാംഗ പെൻഷൻ	22,62,200	22,64,600

1-1-16 സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ- ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-7 പ്രകാരം Interest On Fixed Deposits എന്നയിനത്തിൽ 1,11,227/-രൂപയുടെ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് വയ്ക്കുന്നതിനായി ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള ടി.എസ്.ബി അക്കൗണ്ടിൽ (799010100079346) തൻവർഷം ആകെ 1,14,477/-രൂപ പലിശയിനത്തിൽ ലഭിച്ചതായി കാണുന്നു.

1-1-17 ലോൺ തിരിച്ചടവ് -ശരിയായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

തൻവർഷം വികസന ഫണ്ട്-ജനറൽ, എസ്.സി.പി എന്നിവയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി വായ്പ ഇനത്തിൽ തിരികെ ഒടുക്കുന്നതിനായി സോഴ്സിൽ പിടിച്ച തുകയ്ക്ക് (995338/-രൂപ) പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവുകൾ 252140202-Projects As Per Govt Order-Loan Repayment Of Housing Schemes എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

1-1-18 പെർഫോമൻസ് ഗ്രാന്റ് - ലാപ്സായ തുകയ്ക്ക് ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ 320200105-Development Fund - Central Finance Commission Grant - Performance Grant എന്ന ശീർഷകത്തിൽ 4,951/-രൂപ ബാധ്യത രേഖപ്പെടുത്തിയിരിക്കുന്നു. സി.എഫ്.സി പെർഫോമൻസ് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക അതത് വർഷം ലാപ്സാകുന്നതാണ്. ടി തുക ബാധ്യതയിൽ ഉൾപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

1-1-19 വെള്ളക്കരം കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

വെള്ളക്കരം ഇനത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ ഒടുക്കാനുള്ള 89,62,490/- രൂപയുടെ കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 07.03.2025-ലെ 2(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ്പ്രകാരം	₹18,86,63,772/-	₹18,76,45,722/-
വാർഷികകണക്ക്പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം)	₹12,61,17,043/-	₹12,16,57,994/-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹1,12,47,962/-
വരവ്	₹3,24,09,903/-
ആകെ	₹4,36,57,865/-
ചെലവ്	₹2,86,60,041/-
നീക്കിയിരിപ്പ്	₹1,49,97,824/-

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു.

A) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി., റ്റി.എസ്.പി.) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	യഥാർത്ഥ തുക
വരവ്	88,28,035	1,03,06,000
ചെലവ്	1,03,06,000	1,03,06,000
നീക്കിയിരിപ്പ്	(-)14,77,965	0

2. വികസന ഫണ്ട് (എസ്.സി.പി.)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	യഥാർത്ഥ തുക
വരവ്	37,68,027	40,30,000
ചെലവ്	33,66,275	33,66,275
നീക്കിയിരിപ്പ്	4,01,752	6,63,725

B) ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	യഥാർത്ഥ തുക
മുന്നിരിപ്പ്	0	5,84,958
വരവ്	52,20,862	52,20,862
ആകെ	52,20,862	58,05,820
ചെലവ്	24,05,333	24,10,871
നീക്കിയിരിപ്പ്	28,15,529	33,94,949

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	യഥാർത്ഥ തുക
മുന്നിരിപ്പ്	0	14,59,661
വരവ്	18,17,588	18,18,388
പലിശ	0	99,816
ആകെ	18,17,588	33,77,865
ചെലവ്	18,64,236	18,80,988
നീക്കിയിരിപ്പ്	(-)7,46,648	14,96,877

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	ആകെ	ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	നീക്കിയിരിപ്പ്

വികസന ഫണ്ട് (ജനറൽ)	0	1,03,06,000	1,03,06,000	1,03,06,000	0
വികസന ഫണ്ട് (എസ്.സി.പി)	0	40,30,000	40,30,000	33,66,275	6,63,725 (ലാപ്സായി)
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	1,05,84,000	1,05,84,000	28,15,843	77,68,157 (ലാപ്സായി)
മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്)	0	40,50,000	40,50,000	30,54,430	9,95,570 (ലാപ്സായി)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക്	5,84,958	39,90,000	45,74,958	19,80,009	25,94,949 (നീക്കിയിരിപ്പ്)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി	0	12,30,862	12,30,862	4,30,862	8,00,000 (ലാപ്സായി)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക്	14,59,661	18,36,811	32,96,472	18,40,291	14,56,181 (നീക്കിയിരിപ്പ്)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	81,393	81,393	40,697	40,696 (ലാപ്സായി)

(അൺടൈഡ്)-ട്രഷറി					
പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	8,84,941	2,92,785	11,77,726	8,65,455	3,12,271 (നീക്കിയിരിപ്പ്)
പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	2,97,495	4,72,970	7,70,465	3,01,664	4,68,801 (നീക്കിയിരിപ്പ്)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	അടങ്കൽ	പൂർണമായും നടപ്പാക്കിയ പദ്ധതികൾ	ചെലവ്	ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
177	7,15,78,932	115	3,45,03,460	41	21	64.97%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്

ഭരണചെലവുകൾ	525	19,58,659	19,59,184	19,58,418	766
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	4,34,75,213	4,34,75,213	4,34,75,213	0
ആകെ	525	4,54,33,872	4,54,34,397	4,54,33,631	766

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	1,28,62,800	894
വിധവാ പെൻഷൻ	60,53,200	421
വാർദ്ധക്യകാല പെൻഷൻ	1,31,34,000	913
വികലാംഗ പെൻഷൻ	22,62,200	158
അവിവാഹിത പെൻഷൻ	3,48,800	24

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2025 തീയതിയിൽ 12.45 P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പ്രസ്തുത സമയത്ത് ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള

കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

2. തനത് വരുമാനത്തിലുള്ള കുറവ് മൂലം നിത്യനിദാന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന ഗ്രാമ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു.

3. ജനറൽ-കമ്പ്യൂട്ടർ ഹാർഡ്വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക നിലനില്ക്കുന്നു. കുടിശ്ശികയുടെ വിവരം പരിശോധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാത്തതിനാൽ ഫൈൻ ഇനത്തിൽ പ്രതിമാസം ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാകുന്നു.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

രാമങ്കരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02.08.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം 2023 മുതൽ വസ്തുനികുതി പുനർനിർണ്ണയിച്ചിരുന്നു. ആയത് പ്രകാരം പാർപ്പിടാവശ്യങ്ങൾക്കുള്ള 300 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 9/- രൂപ നിരക്കും 300 ചതുരശ്ര മീറ്ററിനു മുകളിൽ 12/- രൂപ നിരക്കും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 65/- രൂപ നിരക്കും 100 ചതുരശ്ര മീറ്റർ മുതൽ 500 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 75/- രൂപ നിരക്കും 500 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 100/- രൂപ നിരക്കുമാണ് ബാധകമാക്കിയിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമ	വിസ്തൃതി	കെട്ടിടത്തിന്റെ തരം	നിർണ്ണയിക്കേണ്ട അടിസ്ഥാന നിരക്ക്	നിർണ്ണയിച്ച അടിസ്ഥാന നിരക്ക്	അടിസ്ഥാന നികുതിയിൽ വന്ന കുറവ്	അസസ് ചെയ്തിരിക്കുന്ന തീയതി
1	12/58B	കരോൾ തോമസ്	642.04	പാർപ്പിടാവശ്യം	12	9	3x642.04 = 1926/-	12.12.24
2	1/317B	അച്ചാമ്മ ജോർജ്ജജ്	194.32	- ടി -	9	7	2x194.32 = 389/-	4.7.24
3	1/97A	ബെന്നി ജോസഫ്	113.96	- ടി -	9	7	2x113.96 = 228/-	26.9.24
4	5/200B	സുനിൽകുമാർ	147.2	പാർപ്പിടാവശ്യം	9	7	2x147.2 = 294/-	12.4.24
5	6/274A	മധു ജെ.	146.18	- ടി -	9	7	2x146.18 = 292/-	24.7.24
6	8/227A	ഷാജി	170.59	- ടി -	9	7	വിമുക്ത ഭടൻ-നികുതി ഒഴിവ്)	22.4.24
7	8/61A	ബെന്നി തോമസ്	106.15	- ടി -	9	7	2x106.15 = 212/-	7.2.25

8	8/43E	അനിൽകുമാർ	19.05	വാണിജ്യാവശ്യം	65	60	5x19.05 = 95/-	27.2.25
9	8/43D	- ടി -	14.78	- ടി -	65	60	5x14.78 = 74/-	11.3.25
10	12/190A	വർഗ്ഗീസ് മാത്യു	169.5	പാർപ്പിടാവശ്യം	9	7	(വിമുക്ത ഭടൻ- നികുതി ഒഴിവ്)	28.3.25

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/29.9.25) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെ അടിസ്ഥാനനികുതിയിൽ ആവശ്യമായ ഇളവുകളും വർദ്ധനവുകളും വരുത്തി നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1. രാമങ്കരി ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	തൊഴിൽനികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം		തൊഴിൽനികുതി അടവാക്കിയിട്ടുള്ളവരുടെ വിശദാംശം
		അർദ്ധവർഷം		
		I	II	

1	എഫ്.പി.എം.എൽ.പി.എസ്., മാമ്പുഴക്കരി	1	1	HM മാത്രമാണ് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്.
2	എൻ.എസ്.എസ്.എച്ച്.എസ്., രാമങ്കരി	3	3	HM, HST, OA എന്നിവർ മാത്രമാണ് അടവാക്കിയിട്ടുള്ളത്.
3	സെന്റ് മേരീസ് എൽ.പി.എസ്.മണലാടി	2	2	HM, LPST (1)
4	ഊരുക്കരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1	1	സെക്രട്ടറി മാത്രമാണ് അടവാക്കിയത്.
5	എസ്.സി.ഡി.ഒ.	1	1	SCDO മാത്രമാണ് അടവാക്കിയിട്ടുള്ളത്.
6	ചേന്നാട്ടുശ്ശേരി ഫിനാൻസ്	-	-	സ്ഥാപന തൊഴിൽനികുതി മാത്രമാണ് അടവാക്കിയത്.

2. ഗ്രാമപഞ്ചായത്തിലെ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. കെ.കെ. വർക്കി
2. ഗോപാലകൃഷ്ണൻ എൻ.
3. സച്ചു കുര്യാക്കോസ്
4. അമൽ കൺസ്ട്രക്ഷൻ
5. കെ.എക്സ്.വർഗ്ഗീസ്

6. ജോജി ജോസഫ്

7. ശ്രീനാഥ് പി.വി.

മേൽ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിൽനിന്നും വളരെ കുറച്ച് ജീവനക്കാരുടെ തൊഴിൽനികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിനുള്ളിൽ ഒരു അർദ്ധവർഷം 60 ദിവസത്തിലധികം ജോലിചെയ്യുന്ന എല്ലാ ജീവനക്കാരും തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരിൽ നിന്നും കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/26.09.25), ക്രമ നം.1,3 എന്നീ സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിലാണ് മറ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നതെന്ന് അറിയിച്ച് സ്കൂളുകൾ ലഭ്യമാക്കിയ മറുപടി ലഭ്യമാക്കി. സർക്കാർ അംഗീകൃത ദിനവേതനാടിസ്ഥാനത്തിൽ അർദ്ധവർഷം 60 ദിവസത്തിലധികം ജോലിചെയ്യുന്ന എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കിയതായും അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വൃദ്ധർക്ക് കട്ടിൽ വിതരണം -പദ്ധതി നിർവ്വഹണത്തിലെ അപാകത

എ) വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-സിഡ്കോയ്ക്ക് അധിക തുക നൽകി

പ്രോജക്ടിന്റെ പേര്, നമ്പർ	60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ ജനറൽ പ്രോജക്ട്നം.S0092/25
അടങ്കൽ	₹2,83,800 (വികസന ഫണ്ട്-ജനറൽ)
ചെലവ്	₹2,83,140 (വികസന ഫണ്ട്-ജനറൽ)
ബിൽ നം., തീയതി	TRN 24060400000005869/10.10.2024, ₹2,83,140 (16.8.2024 ന് മുമ്പ് തയ്യാറാക്കിയ ബിൽ ആണ്)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ, കടവന്ത്ര സിഡ്കോയിൽ നിന്നുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ (നം. ALPY/23-24/315, 25.3.24 - 47 കട്ടിലുകളുടെ വില ₹1,94110/-, നം. ALPY/23-24/287, 21.3.24 – 22 കട്ടിലുകളുടെ വില ₹90,860/-) ആകെ 69 കട്ടിലുകളുടെ വിലയിനത്തിൽ ₹2,83,140/- രൂപ (രണ്ടാമത്തെ ഇൻവോയ്സിൽ നിന്നും ₹1,830/- രൂപ കുറവ് ചെയ്ത്)സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഒരു കട്ടിലിന് ₹4,130/- രൂപ നിരക്കിൽ 69 കട്ടിലുകളുടെ വില ₹2,84,970/- രൂപ ആണെങ്കിലും ബിൽ തുകയിൽ നിന്നും ₹1,830/- രൂപ കുറച്ച് ₹2,83,140/- രൂപയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ സിഡ്കോയിൽ നിന്നും 66 കട്ടിലുകൾ മാത്രമാണ് കൈപ്പറ്റി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത്. 3 കട്ടിലുകളുടെ വില അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(29/29.9.2025) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത 3 കട്ടിലുകൾക്കായി ചെലവഴിച്ച ₹12,390/- രൂപയിൽ, ആകെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത ₹1,830/- രൂപ കുറച്ച് ₹10,560/- (₹12,390-₹1830) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. ടി തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) വൃദ്ധർക്ക് കട്ടിൽ വിതരണം-60 വയസ്സിൽ താഴെയുള്ള ഗ്രണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്ടിന്റെ പേര്, നമ്പർ	60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ ജനറൽ പ്രോജക്ട്നം.S0026/25
അടങ്കൽ	₹3,35,400 (വികസന ഫണ്ട്-ജനറൽ)
ചെലവ്	₹3,32,005 (വികസന ഫണ്ട്-ജനറൽ)
ബിൽ നം./ തീയതി	TRN.240604000000015917,Dtd.18.3.2025, ₹3,32,005/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ, കടവന്ത്ര സിഡ്കോയിൽ നിന്നും ഇൻവോയ്സ് നം.ALPY/24-25/138, 29.1.25 പ്രകാരം ₹3,32,005/- 80 കട്ടിലുകൾ 4,150/- രൂപ

നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, 60 വയസ്സിൽ താഴെയുള്ള 3 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, വാർഡ്	ജനന തീയതി
1	ബാബു (ചെറിയാൻ), നികത്തിൽ, വാർഡ് -9	01.01.1972
2	റോസമ്മ എബ്രഹാം, പുറവടിക്കളം, വാർഡ്- 1	21.05.1967
3	ഷൈനി, പോളയിൽച്ചിറ, വാർഡ്- 2	1973

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(08/25.9.2025) ലഭ്യമാക്കിയ മറുപടിയിൽ, 60 വയസ്സു കഴിഞ്ഞവർക്ക് ഗ്രാമസഭയിൽ എത്താൻ സാധിക്കാത്ത സാഹചര്യത്തിൽ കുടുംബത്തിലുള്ള ഗ്രാമസഭയിൽ പങ്കെടുത്ത അംഗത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുകയാണുണ്ടായതെന്നറിയിച്ചു. എന്നാൽ കുടുംബത്തിലുള്ള 60 വയസ്സിന് മുകളിലുള്ള ഗുണഭോക്താക്കൾക്ക് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. 60 വയസ്സിൽ താഴെയുള്ള ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി വിനിയോഗിച്ച 12,450/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ആളുകളുടെ കുടുംബത്തിലെ അർഹരായ ഗുണഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഗ്രാമസഭയുടെ സാധൂകരണം വാങ്ങി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-13 അങ്കണവാടികളിലേയ്ക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ-കാട്ട് ചെയ്തതിലും അധികനിരക്കിൽ വാങ്ങൽ നടത്തി

പ്രോജക്ടിന്റെ പേര്, നമ്പർ	അങ്കണവാടികളിലേയ്ക്ക് പാത്രങ്ങൾ വാങ്ങൽ പ്രോജക്ട് നം.S0108/25 Spill Over
അടങ്കൽ	₹14000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ്	₹14000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ബിൽ നം./തീയതി	TRN 24060400000004431/25.7.24, ₹14000/-
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, 2024-25 സാമ്പത്തിക വർഷം ടെണ്ടർ ക്ഷണിച്ച് AFSAL Metals എന്ന സ്ഥാപനത്തിൽ നിന്നും അങ്കണവാടികളിലേയ്ക്കാവശ്യമായ പാത്രങ്ങളും അടുക്കള ഉപകരണങ്ങളും വാങ്ങിയിരുന്നു. ഇതിനായി 86,000/- രൂപ മുൻവർഷം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തൻവർഷം 14,000/- രൂപയും നൽകിയിട്ടുണ്ട്. മുൻവർഷത്തെ വാങ്ങൽ സംബന്ധിച്ച വിവരങ്ങളും സ്റ്റോക്ക്, വിതരണ രേഖകളും ഫയലിൽ ഇല്ല. എന്നാൽ ടെണ്ടർ രജിസ്റ്റർ ഹാജരാക്കി. ലഭ്യമാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ, ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത AFSAL Metals എന്ന സ്ഥാപനം ഗ്യാസ് ലൈറ്ററിന് ക്വാട്ട് ചെയ്ത നിരക്ക് 60/- രൂപയാണെന്നിരിക്കെ 200/- രൂപ നിരക്കിലാണ് ലൈറ്ററുകൾ 17 എണ്ണം വാങ്ങിയിരിക്കുന്നത്. അധിക നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/29.9.25) മറുപടി ലഭ്യമാക്കിയല്ല. ക്വാട്ട് ചെയ്തതിലും അധിക നിരക്കിൽ ഗ്യാസ് ലൈറ്റർ പർച്ചേസ് ചെയ്തത് വഴി 2,380/- രൂപയുടെ(140x17) അധിക ചെലവ് ഉണ്ടായി. പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. അധികം നൽകിയ 2,380/- രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ഒടുക്കു വരുത്തുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 -ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/

ഗ്രാമപ്പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അപ്രകാരം ആരംഭിക്കുന്ന അക്കൗണ്ടിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ ഇനത്തിലും മറ്റും ലഭിക്കുന്ന തുക യഥാസമയം തദ്ദേശസ്ഥാപനങ്ങളുടെ തനതുഫണ്ടിൽ അടവാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 04.07.2019 ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ രാമങ്കരി ശാഖയിൽ ആരംഭിച്ചിട്ടുള്ള 38575970937 നമ്പർ കറന്റ് അക്കൗണ്ടിന്റെ പാസ് ബുക്ക് വിവരങ്ങൾ പരിശോധിച്ചതു പ്രകാരം 31.03.2025 ൽ ₹93,061 രൂപയും 31.08.2025 ൽ ₹1,23,281/- രൂപയും അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്. ബാങ്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമായ കാലയളവിൽ (01.01.2023 മുതൽ) ലഭിച്ച ഫീസ് പൂർണ്ണമായും കറന്റ് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമായിട്ടും ടെണ്ടർ ഫീസ് തുക അസിസ്റ്റന്റ് എഞ്ചിനീയർ പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഈ വരുമാനം പ്രതിഫലിക്കാത്ത സ്ഥിതിയുണ്ട്. കൂടാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനാൽ നീക്കിയിരുപ്പിന് പലിശ ലഭിക്കാത്ത സാഹചര്യവുമുണ്ട്. എന്നാൽ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. നാളിതുവരെയുള്ള ടെണ്ടർ ഫീസ് കൈമാറാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമായ സ്ഥിതിയുണ്ട്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (11/25.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയുള്ള ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് കൈമാറി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-15 എച്ച്.എം. ഗവ.യു.പി.എസ്. വേഴപ്ര, രാമങ്കരി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - ചെലവുരേഖകൾ ഹാജരാക്കിയില്ല

എച്ച്.എം. ഗവ.യു.പി.എസ്. വേഴപ്ര, രാമങ്കരി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ/ വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.20/26.9.25) മറുപടി ലഭ്യമാക്കിയില്ല.

1. പ്രോജക്ട് നം.161/25 എസ്.എസ്.എ. വിഹിതം നല്കൽ

അടങ്കൽ – 300000/- (വികസന ഫണ്ട് – പൊതുവിഭാഗം)

ചെലവ് – 300000/- (ട്രഷറി ബിൽ – 2/20.12.24)

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി എസ്.എസ്.കെ. വെളിയനാട് ബ്ലോക്ക് പ്രോജക്ട് ഓഫീസർ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തു വിഹിതമായ ₹ 3,00,000/- എസ്.എസ്.കെ. ബ്ലോക്ക് പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക പൂർണ്ണമായി വിനിയോഗിച്ചു എന്ന സാക്ഷ്യപത്രമല്ലാതെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് തുക ഉപയോഗിച്ചത് എന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ) നം.84/22/തസ്വഭവ., തീയതി 19.01.2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക നിർബന്ധമായും വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശസ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായോ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതിന്റെ രേഖകളോ ലഭ്യമായിട്ടില്ല. നല്കിയ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നുമുള്ള വിവരവും 2024-25 സാമ്പത്തിക വർഷം നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. പ്രോജക്ട് നം.117/25 – ഗവ.സ്കൂളുകളിലെ കുട്ടികൾക്ക് മേശയും കസേരയും (സ്പിൽ ഓവർ)

അടങ്കൽ – 5,00,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – 4,99,975/- (ട്രഷറി ബിൽ 1/11.7.24)

മേൽ പ്രോജക്ട് പ്രകാരം 62 സെറ്റ് മേശയും കസേരയും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഗവ.യു.പി.എസ്. വേഴപ്ര, രാമങ്കരിയുടെ പേരിൽ വാങ്ങിയിട്ടുള്ള 62 സെറ്റിന്റെയും ഇൻവോയ്സുകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 17 സെറ്റ് മേശയും കസേരയും ലഭ്യമായതായി ഗവ.എൽ.പി.എസ്. വേഴപ്രയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

17 സെറ്റ് മേശയും കസേരയും എൽ.പി.സ്കൂളുകളിലെ കുട്ടികൾക്ക് ഉപയോഗിക്കുന്നതിനായാണ് നല്കിയതെന്ന് കാണുന്നു. 90 സെന്റീമീറ്റർ ഉയരമുള്ള മേശയും (90x60x75) അതിനുയോജ്യമായ കസേരയുമാണ് വാങ്ങിയിട്ടുള്ളത്. ഇത്രയും ഉയരമുള്ള മേശയും കസേരയും എൽ.പി.സ്കൂൾ കുട്ടികൾക്ക് ഉപയോഗയോഗ്യമാണോ എന്നതും വ്യക്തമല്ല. ആവശ്യകത പരിഗണിച്ചാണോ വാങ്ങൽ നടത്തിയത് എന്നത് സംബന്ധിച്ച് വിശദീകരണവും സ്റ്റോക്ക് രജിസ്റ്ററും എല്ലാ സ്കൂളുകളിൽനിന്നുമുള്ള കൈപ്പറ്റ് രസീതുകളും ഹാജരാക്കിയില്ല.
കൈപ്പറ്റ് രസീതും രേഖകളും വിശദീകരണവും ഹാജരാക്കാത്തതിനാൽ പ്രോജക്ട് നം.117/25 ൽ കൈപ്പറ്റ് രസീത് ഹാജരാക്കിയ 17 സെറ്റ് മേശയുടെയും കസേരയുടെയും വില കിഴിച്ച് ബാക്കി 45 എണ്ണത്തിന്റെ വിലയായ 3,62,885/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 മഴക്കാല പൂർവ്വ.ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വശുചീകരണത്തിനായി വാർഡ് ഒന്നിന് 20,000/- രൂപ വീതം 13 വാർഡുകൾക്കായി 2,60,000/- രൂപ നല്കിയിട്ടുണ്ട് ((1)ചെക്ക് നം.043701/10.3.25 – 130000/-, (2) 534266/2.5.24 – 65000/-, (3) 039435/16.5.24 – 65000/-). ആകെയുള്ള 13 വാർഡുകളിൽ 3,4,7 എന്നീ വാർഡുകളുടെ ചെലവുരേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/29.9.25)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത മൂന്ന് വാർഡുകൾക്ക് നല്കിയ 60,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-17 സ്റ്റോക്ക്,വിതരണ രേഖകൾ ലഭ്യമാക്കിയില്ല

ക്രമ നം.	പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നമ്പർ, തീയതി
1	വിവിധ അങ്കണവാടികളിലേയ്ക്ക് മേശ, കസേര വാങ്ങൽ -പ്രോജക്ട് നം.S0103/25 (Spill Over)	₹1,00,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)	₹99457/-	TRN2406040000000007444/ 12.9.2024, ₹99457/- (16.8.2024 ന് മുമ്പ് തയ്യാറാക്കിയ ബിൽ ആണ്)
2	അങ്കണവാടികൾക്ക് ഇൻഡോർ ഔട്ട്ഡോർ കളി ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നം.S0106/25 Spill Over	₹1,00,000/- (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)	₹1,00,000/-	TRN2406040000000004434/ 25.7.2024, ₹1,00,000/-
3	അങ്കണവാടി കുട്ടികൾക്ക് ബെഡ് വാങ്ങൽ -പ്രോജക്ട് നം.S0107/25 (Spill Over)	₹1,00,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)	₹36,000/-	TRN2406040000000007629/ 19.9.2024, ₹36,000/- (16.8.2024 ന് മുമ്പ് തയ്യാറാക്കിയ ബിൽ ആണ്)

ഐസിഡിഎസ് സൂപ്പർവൈസർ സ്റ്റിൽ ഓവറായി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, സ്റ്റോക്ക് വിതരണ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.28/29.9.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കുന്നതു വരെ മേൽ പദ്ധതികൾക്കായി വിനിയോഗിച്ച ₹2,35,457/- (₹99457+₹1,00,000+₹36,000)രൂപയുടെ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഭിന്നശേഷിക്കാർക്ക് ഷെൽട്ടർ നിർമാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം.	S0171/25
പദ്ധതിയുടെ പേര്	ഭിന്നശേഷിക്കാർക്ക് ഷെൽട്ടർ നിർമാണം ജില്ലാ പഞ്ചായത്ത് വിഹിതം നല്കൽ
അടങ്കൽ	₹1,65,342/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ്	₹1,65,342/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ബിൽ നം./തീയതി	XVFC/2024-25/P/46 തീയതി 01.02.2025

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. ആയതിലേയ്ക്ക് മേൽ പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് 1,65,342/- രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (നം.22 തീയതി 28.09.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,65,342/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 പൊതു ടാപ്പുകൾ കട്ട് ചെയ്യൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.	S0208/25

പദ്ധതിയുടെ പേര്	കേരള വാട്ടർ അതോറിറ്റി സ്ട്രീറ്റ്ലൈൻ കട്ട് ചെയ്യുന്നതിനുള്ള തുക അടവാക്കുന്നതിന്.
അടങ്കൽ	₹77,000/- വികസന ഫണ്ട്
ചെലവ്	₹77,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
ചെക്ക് നം./ തീയതി	041512 തീയതി 25.09.2024 (തനത് ഫണ്ടിൽ നിന്നും ആദ്യം തുക നല്കി. പിന്നീട് വികസന ഫണ്ടിൽ നിന്നും ടി തുക തനത് ഫണ്ടിലേയ്ക്ക് റീക്കപ്പ് ചെയ്തു.)

ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത സ്ട്രീറ്റ് ടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള തുക നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. ആയതിലേയ്ക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള 77,000/-രൂപ മേൽ ചെക്ക് പ്രകാരം വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.22 തീയതി 28.09.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 77,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ -മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമല്ലാത്ത ചെലവ് നടത്തി

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ ശിപാർശ പ്രകാരം ആരോഗ്യസ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം.2132/2022/LSGD തീയതി 31.08.2022, സ.ഉ. (സാധാ) നം.1625/2023/LSGD തീയതി 09.08.2023 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പൊതു

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് ഓരോ സ്കീമിലും ആരോഗ്യസ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ടത്. ഹെൽത്ത് ഗ്രാന്റിൽ ഉൾപ്പെട്ട ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾക്കുള്ള (സ്കീം നം-4) മാനദണ്ഡമനുസരിച്ച് ആരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ്, ആരോഗ്യകേന്ദ്രത്തിൽ നിന്നുള്ള വിവിധയിനം സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ബോധവത്കരണം, പ്രോജക്ടിൽ തുക ബാക്കിയുണ്ടെങ്കിൽ ആരോഗ്യകേന്ദ്രത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ എന്നിവയാണ് ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ എന്ന വിഭാഗത്തിൽ ഏറ്റെടുത്തു നടത്താവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ ചെലവ് വൗച്ചർ പ്രകാരം ആരോഗ്യകേന്ദ്രത്തിലേക്ക് പഴവർഗ്ഗച്ചെടികൾ, അലങ്കാരചെടികൾ, ഔഷധസസ്യങ്ങൾ എന്നിവ വാങ്ങിയതിന് ലല്ലു നഴ്സറി, കാവുംഭാഗം, തിരുവല്ല എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം-335/23 തീയതി 27.02.2025 പ്രകാരം ₹29,000/-നൽകിയിട്ടുണ്ട്. ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ (സ്കീം നം-4) പ്രകാരം മാനദണ്ഡമനുസരിച്ചല്ലാതെ നടത്തിയ ഈ ചെലവ് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15 തീയതി 26.09.2025) നൽകിയ മറുപടിയിൽ ഈയിനത്തിൽ ഫണ്ട് ചെലവഴിക്കാമെന്ന ധാരണയിലാണ് പ്രവൃത്തി നിർവ്വഹിച്ചതെന്നാണ് അറിയിച്ചത്. സർക്കാർ മാർഗ്ഗരേഖപ്രകാരമല്ലാതെ നടത്തിയ ₹29,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 വീട് വാസയോഗ്യമാക്കൽ-മുൻകൂർ കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്
വീട് വാസയോഗ്യമാക്കൽ എസ്.സി പ്രോജക്ട് നം.S0152/25	₹10,95,000/- (എസ്.സി.പി)	₹509302/- (എസ്.സി.പി) TRN240604000000013219/30.01.2025, 2,00,000/-

		TRN240604000000013992/11.02.2025, 80,000/- TRN240604000000015432/12.03.2025, 90,000/- TRN240604000000015852/17.03.2025, 64,302/- TRN240604000000016112/20.03.2025, 75,000/-

നിർവ്വഹണം-വി.ഇ.ഒ

ടി പ്രോജക്ടിൽ വീട് വാസയോഗ്യമാക്കുന്നതിനായി 50,000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയിട്ടുള്ള ശ്രീമതി വിജയമ്മ കെ.സി., കോളനി നം.133, വാർഡ്-2, ശ്രീ.എം.ഗോപിനാഥൻ, പുതുവൽ, വാർഡ്-9 എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 16/24.9.25) ലഭ്യമാക്കിയ മറുപടിയിൽ, ശ്രീമതി വീജയമ്മ കെ.സി. എന്ന ഗുണഭോക്താവ് രോഗബാധയെ തുടർന്ന് നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ശ്രീ.എം.ഗോപിനാഥൻ എന്ന ഗുണഭോക്താവ് നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കൾക്കായി മുൻകൂർ നൽകിയ 1 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ലൈഫ് ഭവന പദ്ധതി -നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ വിവരം

ലൈഫ് ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിലുൾപ്പെടെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ഇപ്പോഴും നിർമ്മാണം ആരംഭിക്കാത്ത/പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	വാർഡ്	കൈപ്പറ്റിയ തുക/

			തീയതി	
1	ശകുന്തള സുഭാഷ്, പടിഞ്ഞാറേ കൊച്ചുപറമ്പിൽ	11	40,000	18.3.2023
2	രാധാമണി, കിഴക്കേപ്പറമ്പിൽ	3	40,000 160000	14.3.2023 24.2.2024
3	സുധാമണി, പടിഞ്ഞാറേ കൊച്ചുപറമ്പ്	11	40,000 160000	8.8.2023 13.6.2024
4	കാർത്യായനി, കുഴിക്കാലാ കോളനി, ഗോപാലയം	13	40,000 100000 60000	07.11.2023 19.3.2024 22.6.2024
5	ഗീത പ്രസന്നൻ, സരോജം	7	40,000	19.9.2024
6	രേണുക ദാമോദരൻ, പുന്നപ്പറമ്പ് ലക്ഷം വീട്	13	40,000 100000 60000	08.5.2023 19.3.2024 13.6.2024
7	യമുനാഭായി, അപർണ്ണഭവനം	10	40,000 160000	7.11.2023 29.8.2024
8	വിഷ്ണു മോഹനൻ, മോഹന വിലാസം	12	40000	17.10.2024
9	വിനീത സുകേഷ്, വില്ലുവിരുത്തിൽ ചിറ	13	40000	17.10.2024

മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആയത് എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 പഠനമുറി നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ	അടങ്കൽ	ചെലവ്	ബിൽ നം./ തീയതി
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി Spill Over പ്രോജക്ട് നം-S0089/25	₹5,00,000 (എസ്.സി.പി)	₹3,60,000 (എസ്.സി.പി)	TRN 24060400000002228/ 27.5.24, 80,000/- TRN 24060400000005678/ 19.8.24, 30,000/- TRN 24060400000009822/ 11.11.24, 1,40,000/- TRN 24060400000011490/ 21.12.24, 80,000/- TRN 24060400000014262/ 19.2.25, 30,000/-

പഠനമുറി നിർമ്മിക്കുന്നതിന്, സർക്കാർ ഉത്തരവ് (സ.ഉ(സാധാ)നം.1877/2023/ ത.സ്വ.ഭ.വ,തീയതി 21.9.23) പ്രകാരം എഗ്രിമെന്റ് വച്ച ശേഷം 30,000/- രൂപ മുൻകൂറായി നൽകാവുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബേസ്മെന്റ് പൂർത്തിയാവുമ്പോൾ 60,000/- രൂപയും മേൽക്കൂര ശരിയാവുമ്പോൾ 80,000/- രൂപയും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക്

ശേഷിക്കുന്ന 30,000/- രൂപയും നൽകാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ, ശ്രീ.സനിൽ കുമാർ കെ, കോളനി നം. 132, വേഴപ്ര, വാർഡ്-12 എന്ന ഗുണഭോക്താവിന് അവസാന ഗഡു നൽകിയിട്ടില്ല. ടി ഗുണഭോക്താവ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി(18/26.9.2025) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വാല്യുവേഷൻ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 വാങ്ങലുകളിൽ പ്രൊകൃർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം നടപ്പിലാക്കിയ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ആശുപത്രിയിലേക്കുള്ള വിവിധ സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങലുകളിൽ സർക്കാരിന്റെ പ്രൊകൃർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഒരു സാമ്പത്തിക വർഷത്തേക്കുള്ള ആവശ്യകത കണക്കാക്കി ഒരുമിച്ച് വാങ്ങുന്നതിനു പകരം ആശുപത്രിക്ക് ആവശ്യമായ സ്റ്റേഷനറി, ലാബ് ഉപകരണങ്ങൾ, ഫർണ്ണീച്ചർ, ഇലക്ട്രിക്ക് ഉപകരണങ്ങൾ എന്നിവയെല്ലാം വാങ്ങുന്നതിന് ഓരോ സമയവും പ്രത്യേകം വാങ്ങൽ നടപടികൾ സ്വീകരിച്ചുവരുകയാണ് ചെയ്തുവരുന്നത്. സ്ഥാപനത്തിലേക്കുള്ള വാങ്ങലുകളിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (പ്രൊകൃർമെന്റ് മാന്വൽ, G.O.(P)No.259/2010/LSGD Dated 08.11.2010) ഖണ്ഡിക 6 പ്രകാരം ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടിവരുന്ന ആകെ സാധനങ്ങളുടേയും സേവനങ്ങളുടേയും കണക്കെടുപ്പ് നടത്തി ബാധകമായ സമാഹരണ രീതി പ്രകാരം വാങ്ങുന്നതിനും ഓഫീസ് ഫർണ്ണീച്ചർ, ഉപകരണങ്ങൾ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപകരം ആശുപത്രിയുടെ ഒരേ ആവശ്യങ്ങൾ പലതായി വിഭജിച്ച് പല തവണകളായി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഉദാ- ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-S0176/25) ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കുന്നതിനായി മാത്രം 5 വ്യത്യസ്ത ബില്ലുകളാണ് മാറി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തി ഒരുമിച്ച് ടെണ്ടർ ചെയ്യേണ്ടതിന് പകരം പല തവണകളായി, ചിലത് ക്വട്ടേഷനില്ലാതെയും മറ്റുള്ളവ ക്വട്ടേഷൻ ക്ഷണിച്ചും നടപ്പിലാക്കിയിട്ടുണ്ട്.

2) പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 5,000 രൂപ മുതൽ 25,000 രൂപ വരെ ക്വട്ടേഷനിലൂടെയും 25,000/- രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെ ലിമിറ്റഡ് ടെണ്ടറിലൂടെയും, 1,00,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പല വാങ്ങലുകളിലും ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. വളരെക്കുറച്ച് വാങ്ങലുകളിൽ മാത്രമാണ് പരിധി പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളത്. ആവശ്യമായ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് ഭൂരിഭാഗം വാങ്ങലുകളും നടത്തിയിട്ടുള്ളത്

3) ആശുപത്രി ലാബിലേക്ക് ഉപകരണങ്ങളും സാധനങ്ങളും വാങ്ങുന്നത് വിവിധ സ്ഥാപനങ്ങളിൽ നിന്നാണ്. ലാബിന് ആവശ്യമായ സാധനങ്ങളുടെ ഒരു വർഷത്തേക്കുള്ള ആവശ്യകത കണക്കാക്കി ഒരുമിച്ച് ടെണ്ടർ വഴി വിതരണക്കാരെ തിരഞ്ഞെടുത്ത് അവരിൽ നിന്നും ആശുപത്രിയുടെ ആവശ്യകത, സ്റ്റോർ കപ്പാസിറ്റി എന്നിവ പ്രകാരം വ്യത്യസ്ത തവണകളായായി വാങ്ങൽ നടത്താവുന്നതാണ്. എന്നാൽ ഈ സാധ്യത പരിഗണിച്ചിട്ടില്ല.

4) ഗ്രാമപഞ്ചായത്ത് കമ്മിറ്റിയാണ് ലഭിക്കുന്ന ക്വട്ടേഷനുകൾ/ടെണ്ടറുകൾ പരിശോധിച്ച് അംഗീകരിക്കേണ്ടത്. ഓഡിറ്റ് കാലയളവിലെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ /ടെണ്ടറുകൾ എന്നിവ കമ്മിറ്റി പരിശോധിച്ചതിന്റെയോ ഏതെങ്കിലും വാങ്ങലുകളിൽ അംഗീകാരം നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷനുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരിശോധനക്ക് നൽകാത്തതിന് കാരണവും വ്യക്തമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ വ്യവസ്ഥകളും പരിധിയും പാലിച്ച് വാങ്ങലുകൾ നടത്താത്തതിനും ആശുപത്രിയുടെ ആവശ്യം മുൻനിർത്തി സാധിക്കുന്നിടത്തോളം മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങാത്തതിനുമുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/25.09.2025) നൽകിയ മറുപടിയിൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗരേഖയിലെ വ്യവസ്ഥകളും പരിധിയും പാലിച്ച് ആരോഗ്യസ്ഥാപനത്തിലേക്കുള്ള വാങ്ങലുകൾ നടത്തേണ്ടതാണ്.

1-25 ഒരേയിനം സാധനങ്ങൾ വ്യത്യസ്തനിരക്കിൽ വാങ്ങുന്നത് മൂലം അധികച്ചെലവുണ്ടാകുന്നു

കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ആശുപത്രിയിലേക്കുള്ള വിവിധ സാധനങ്ങളുടേയും സേവനങ്ങളുടേയും വാങ്ങലുകളിൽ സർക്കാരിന്റെ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ലായെന്നും ആശുപത്രിയുടെ ആവശ്യം മുൻനിർത്തി സാധിക്കുന്നിടത്തോളം ഉപകരണങ്ങളുടെ മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുന്നതിനുപകരം ഓരോ സമയവും പ്രത്യേകം വാങ്ങൽ നടപടികൾ സ്വീകരിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരം വാങ്ങലുകളിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പാലിയേറ്റീവ് കെയർ (പ്രോജക്ട് നം-S0009/25)

കുടംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ തൻവർഷം നീതി സ്റ്റോർ, പുളിങ്കുന്ന്, ജൻ ഔഷധി, തെങ്ങണ എന്നിവിടങ്ങളിൽ നിന്നും മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. നീതി സ്റ്റോർ, പുളിങ്കുന്ന് 26.07.2024 ൽ 4299 നമ്പർ ബില്ലുപ്രകാരം അഡൾട്ട് ഡയപ്പർ (മീഡിയം) ഒന്നിന് 240/- നിരക്കിൽ 100 എണ്ണം വാങ്ങിയിരുന്നു. ഇതേ പ്രോജക്ടിൽ ഇതേ സാമ്പത്തിക വർഷം 15.03.2025 ൽ 820 നമ്പർ ബിൽ പ്രകാരം ജൻ ഔഷധി, തെങ്ങണയിൽ നിന്നും അഡൾട്ട് ഡയപ്പർ (മീഡിയം) 150 എണ്ണം വാങ്ങിയതിന് ഒന്നിന് 274.40/- നിരക്കാണ് നൽകിയത്. ഈ ഇനത്തിലെ വാങ്ങലിൽ മാത്രം ഒന്നിന് 34.40 രൂപ നിരക്കിൽ 150 എണ്ണത്തിനായി 5,160/-രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

ആരോഗ്യസേനക്ക് സഹായ ഉപകരണങ്ങൾ (പ്രോജക്ട് നം-S0111/25)

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുത്തി നീതി സ്റ്റോർ, പുളിങ്കുന്നിൽ നിന്നും 16.08.2024 ൽ 5984 നമ്പർ ബില്ലുപ്രകാരം ബി.പി അപ്പാരറ്റസ് ഒന്നിന് 2,236 രൂപക്കാണ് വാങ്ങിയത്. എന്നാൽ ആരോഗ്യസേനക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ (S0111/25) ഇതേ സാമ്പത്തിക വർഷം തന്നെ 15.03.2025 ൽ 820 നമ്പർ ബിൽ പ്രകാരം എസ്.ജെ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ബി.പി അപ്പാരറ്റസ് 18 എണ്ണം വാങ്ങിയതിൽ ഒന്നിന് 2,400/- നിരക്കാണ് നൽകിയത്. ഈ ഇനത്തിലെ വാങ്ങലിൽ മാത്രം ഒന്നിന് 164 രൂപ നിരക്കിൽ 18 എണ്ണത്തിനായി 2,952/- രൂപയുടെ അധികച്ചെലവുണ്ടായി. കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൌകര്യങ്ങൾ

എന്ന പ്രോജക്ടിൽ (S0176/25) ഇതേ സാമ്പത്തിക വർഷം തന്നെ 29.11.2024 ൽ 1677/24-25 നമ്പർ ബിൽ പ്രകാരം കെയർ സർജിക്കൽസ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 3 ബി.പി അപ്പാരറ്റസ് വാങ്ങിയത് ഒന്നിന് 2,390 രൂപ എന്ന നിരക്കിലുമാണ്. ഒരേ ഉപകരണത്തിന് ഒരു സാമ്പത്തിക വർഷത്തെ പ്രോജക്ടുകളിൽത്തന്നെ മൂന്ന് വ്യത്യസ്ത നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

വിവിധ പ്രോജക്ടുകളിൽ സ്റ്റെതസ്കോപ്പ് വാങ്ങിയിട്ടുള്ളതും രണ്ട് വ്യത്യസ്ത നിരക്കിലാണ്. കുടുംബാരോഗ്യകേന്ദ്രത്തിൽ രോഗനിർണ്ണയ സൌകര്യങ്ങൾ എന്ന പ്രോജക്ടിൽ കെയർ സർജിക്കൽസ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് സ്റ്റെതസ്കോപ്പ് ഒന്നിന് 997/- രൂപ ചെലവഴിച്ചപ്പോൾ ആരോഗ്യസേനക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ (S0111/25) എസ്.ജെ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റെതസ്കോപ്പ് 2 എണ്ണം വാങ്ങിയതിൽ ഒന്നിന് 1,500/- നിരക്കാണ് നൽകിയത്.
ഉപകരണങ്ങൾ വാങ്ങുമ്പോൾ മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുന്നതിനുപകരം ഓരോ സമയവും പ്രത്യേകമായി വാങ്ങൽ നടപടികൾ സ്വീകരിച്ചുവരുന്നതും പ്രോജക്ടിലെ വാങ്ങലുകൾക്ക് പൊതുവായി ടെണ്ടർ നടപടി സ്വീകരിച്ച് വിതരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതിരുന്നത് മൂലമാണ് ഒരേ പ്രോജക്ടിലെ, ഒരേയിനം വാങ്ങലുകൾക്ക് വ്യത്യസ്ത നിരക്ക് നൽകേണ്ടിവന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒരേ പ്രോജക്ട് കാലയളവിൽ വാങ്ങിയ ഒരേയിനം സാധനങ്ങൾക്ക് വ്യത്യസ്ത നിരക്കനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/25.09.2025) നൽകിയ മറുപടിയിൽ ഭാവിയിലെ വാങ്ങലുകളിൽ ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

1-26 പി.എച്ച്.സി ചുറ്റുമതിൽ I.E.C -പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

പ്രോജക്ട് നം -S0110/25

അടങ്കൽ & ചെലവ് - ₹20,000/- (മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്)

ബിൽ നം., തിയതി - TRN-24060400000016523 Dtd.26.03.2025

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്ഥാപനങ്ങളിൽ മരാമത്ത് വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികൾ ചെയ്യുമ്പോൾ സാങ്കേതികവിഭാഗം പരിശോധന നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ക്വട്ടേഷൻ, ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ തിരഞ്ഞെടുക്കുന്നത്. ഈ പ്രോജക്ടിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തയ്യാറാക്കി നൽകേണ്ട IEC ബോർഡിന്റെ അളവുകൾ ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടില്ല.

2) പ്രസ്തുത പ്രവൃത്തികൾ മരാമത്ത് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന നടത്തി, ബിൽ നൽകിയ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ ശേഷമായിരുന്നു തുക അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരമുള്ള ഒരു മൂല്യനിർണ്ണയം നടത്താതെ ബിൽ തുക പൂർണ്ണമായി കൈമാറിയിട്ടുണ്ട്.

3)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാന്വൽ, G.O.(P)No.259/2010/LSGD Dated 08.11.2010) ഖണ്ഡിക 6 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 5,000 രൂപ മുതൽ 25,000 രൂപ വരെ ക്വട്ടേഷനിലൂടെയും 25,000/- രൂപയ്ക്ക് മുകളിൽ 1,00,000/- രൂപ വരെ ലിമിറ്റഡ് ടെണ്ടറിലൂടെയും, 1,00,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പല വാങ്ങലുകളിലും പരിധി പ്രകാരമുള്ള , അനുയോജ്യമായ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/24.09.2025) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന, പ്രവൃത്തിയുടെ മൂല്യനിർണ്ണയം എന്നിവ നടത്തണമെന്നകാര്യം അറിവില്ലാതിരുന്നതിനാലാണ് അപ്രകാരം ചെലവ് നടത്തിയതെന്നാണ് അറിയിച്ചത്. മരാമത്ത് വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികൾ സാങ്കേതിക നടപടികൾ പാലിച്ച് മാത്രം നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-27 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ ചേർത്തിട്ടുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് ഹോംകോ, ആലപ്പുഴക്ക് മുൻകൂർ തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ പൂർണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം., പേര്	**S0005/25** ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ
പ്രോഫോർമ ഇൻവോയിസ് നം., തീയതി	PRF-714/27.11.2024
അടങ്ക®	3,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ്	₹3,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ബിൽ നം., തീയതി	TRN No. -240604000000011345/18.12.2024
ലഭ്യമായ തുകയുടെ മരുന്നുകൾ (ഹാജരാക്കിയ ഇൻവോയിസ് പ്രകാരം)	₹1,21,419/- (എൽ.എഫ് 3017/തീയതി 19.03.2025)
ഇനി ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ	₹ 1,78,581/- (3,00,000/ -₹1,21,419/-)

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-06/24.09.2025) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്നതിനായി ആലപ്പുഴ ഹോംകോ ഓഫീസുമായി

കത്തിടപാടുകളുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മരുന്നുകൾ ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് വിശദവിവരം അറിയിക്കേണ്ടതാണ്.

1-28 മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/- രൂപ, മാക്സിമം 5,00,000/-രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. താഴെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി പരിശോധനയ്ക്ക് ലഭ്യമാക്കുകയോ 0.2% ഫൈൻതുക ഈടാക്കുകയോ ചെയ്തായി രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട്	കരാർ തുക (₹)	കരാറുകാരന്റെ പേര്	ഈടാക്കേണ്ട പിഴ (₹)
1	പി.എച്ച്.സി ഫില്ലിംഗ്	1,68,255/-	ശ്രീ.കെ.കെ. വർക്കി	₹ 337/-
ആകെ				₹ 337/-

മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലുകൾ നൽകിയെങ്കിലും പിഴ തുക ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഇൻഷുറൻസ് പോളിസി ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ 0.2% ഫൈൻതുക ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2 /24.09.2025) നൽകിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കി ഒടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തികൾ നിയമപ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി എടുക്കാതെ നിർവ്വഹിക്കുന്നു

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് (ക്ലോസ് 12.1,12.2) വ്യവസ്ഥ പ്രകാരം മരാമത്ത് പ്രവൃത്തി, പ്രവൃത്തിയിൽ ഉൾപ്പെടുന്ന മെറ്റീരിയൽസ്, മെഷിനറീസ്, തൊഴിലാളികൾ എന്നിവർക്കായി കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പൊതുമരാമത്ത് വിഭാഗത്തിൽ വരുന്ന പ്രവൃത്തികളിലെല്ലാം പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും ഇക്കാര്യം കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്തതിനാൽ കരാറുകാരുടെ ബില്ലിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ നിശ്ചിത നിരക്കിലുള്ള ഫൈൻ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം പോളിസി എടുക്കാതെ പിഴ ഈടാക്കിയിട്ടുള്ള ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	**പ്രോജക്ടിന്റെ പേര്**	**ഈടാക്കിയ ഫൈൻ തുക**
S0132/25	പുത്തൻചിറ പാലം മെയിന്റനൻസ്	₹ 286/-
S0198/25	മടയൻമാലി-ജോസുകുട്ടിപടി-88ൽ പാലം റോഡ് പുനരുദ്ധാരണം	₹977/-
S0185/25	സെന്റ് ജോസഫ് പള്ളി-മുട്ടശ്ശേരിൽ ജംഗ്ഷൻ റോഡ് റീടാറിംഗ് - വാർഡ് 13	₹337/-

S0136/25	കോളനി നം.130- മന്നത്തുംചിറ റോഡ് പുനരുദ്ധാരണം	₹450/-
S0140/25	വിവിധ അങ്കണവാടികൾക്ക് സെപ്റ്റിക് ടാങ്ക് മാറ്റി സ്ഥാപിക്കൽ	₹600/-

ഇൻഷുറൻസ് കവറേജിനുള്ള ചെലവ് താരതമ്യപ്പെടുത്തിയാൽ നൽകുന്ന പിഴത്തുക വളരെ കുറവായതിനാൽ കരാറുകാർ ഇൻഷ്വറൻസ് പോളിസി എടുക്കുന്നതിന് പകരമായി ഫൈൻ ഒടുക്കി വരുന്നതായാണ് പൊതുവേ കാണുന്നത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രവൃത്തികളിലും ഇൻഷുറൻസ് കവറേജ് ബാധകമാക്കിയിട്ടില്ല. ഇത് പ്രവൃത്തികളിലെല്ലാം ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമല്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം-3/24.09.2025) നൽകിയ മറുപടിയിൽ കരാറുകാർക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തി പ്രവൃത്തികളിൽ ഇൻഷുറൻസ് കവറേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. എല്ലാ മരാമത്ത് പ്രവൃത്തികളിലും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.

1-30 റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി കൃത്യമായി നടപ്പാക്കാത്തത് മൂലം അറ്റകുറ്റപ്പണികളിൽ അധിക ചെലവ് ഉണ്ടാകുന്നു

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് മെയിന്റനൻസ് സംബന്ധമായ പ്രവൃത്തികളാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 6.8(1) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിനുവേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കാനും നിർദ്ദേശമുണ്ട്. 2024-25 ൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ **മടയൻമാലി -ജോസുകുട്ടിപ്പടി-88ൽ പാലം റോഡ് പുനരുദ്ധാരണ** പ്രവൃത്തിയിൽ (പ്രോജക്ട് നം-198/25) ''റോഡ് സ്കാരിഫിക്കേഷൻ'' എന്ന ഇനം പ്രവൃത്തി ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകൾ

മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തുന്നതിനുവേണ്ടി റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്താത്തതുകൊണ്ടാണ് റോഡ് മൊത്തമായി പൊളിച്ചു മാറ്റുന്ന പ്രസ്തുത ഇനം പ്രവൃത്തി ചെയ്യേണ്ടിവരുന്നത്. ഇത് റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ചെലവ് കൂട്ടുകയും ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് കൂടുതൽ നഷ്ടമുണ്ടാകുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കപ്പെടാതെ ലാപ്സായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്താത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്കുള്ള (04/24.09.2025) മറുപടിയിൽ പ്രതികൂല കാലാവസ്ഥ, ഫണ്ടിന്റെ അപര്യാപ്തത എന്നിവ മൂലമാണ് അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെ വരുന്നതെന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ റോഡ് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി, കൃത്യമായ ഇടവേളകളിൽ റോഡ് മെയിന്റനൻസ് നടത്തുന്നവിധം ഒരു മരാമത്ത് പ്രവർത്തനകലണ്ടർ നടപ്പിലാക്കേണ്ടതാണ്.

1-31 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്നും ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ഉൾപ്പടെയുള്ളവ ചെയ്തിട്ടുള്ള കരാറുകാർക്ക് തുക നൽകുമ്പോൾ നിയമാനുസൃത ജി.എസ്.ടി, ഉറവിടത്തിൽ കുറവ് ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. 2017 ലെ CGST Act, സെക്ഷൻ 51 പ്രകാരം, ഒരു കരാർ പ്രകാരം ₹2,50,000/- മേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും സേവനങ്ങൾക്കും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കിതുക മാത്രമാണ് സപ്ലൈയർക്ക് നൽകേണ്ടത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസ് മുഖേനയാണ് നടത്തുന്നതെങ്കിലും സോഫ്റ്റ്വെയറിൽ നിയമാനുസൃത നികുതികൾ കുറവ് ചെയ്യുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പുവരുത്തി മാത്രം കരാർ തുക അനുവദിക്കുന്നതിന് ദേശീയ

ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30.07.2019 ലെ നം.957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം ബിൽ തുക അനുവദിച്ചതാഴെ ചേർത്തിട്ടുള്ള മെറ്റീരിയൽ സപ്ലൈ കരാറുകളിൽ ഈ പരിധിയിൽ അധികരിച്ച വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും സ്രോതസ്സിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	കരാർ തുക	കരാറുകാരന്റെ പേര്	ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി തുക
കോൺവെന്റ് റോഡ് കോൺക്രീറ്റിംഗ്	₹ 10,30,977/-	ശ്രീ.സച്ചു കുര്യാക്കോസ് ഒറ്റക്കുടയിൽ, പുതുക്കരി	₹ 20,620/-
സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ് സ്ഥാപിക്കൽ	₹ 4,48,000/-	മെ.അമൽ കൺസ്ട്രക്ഷൻസ്, രാമങ്കരി	₹ 8,960/-
തര്യൻപറമ്പ്-ജോസഫ് ആന്റണി റോഡ് കോൺക്രീറ്റിംഗ്	₹ 6,63,690/-	ശ്രീ.കെ.കെ.വർക്കി, കൊച്ചുതെള്ളിയിൽ, പുതുക്കരി	₹ 13,274/-
		ആകെ	**₹42,854/-**

നികുതി ബാധകമായ ബില്ലുകളിൽ നിന്നും നികുതി ഈടാക്കാത്തത് മൂലം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് വരുമാനനഷ്ടം ഉണ്ടാകുന്ന സ്ഥിതിയുണ്ട്. ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്യാതിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻകൃയറിക്ക് (നം-21 തീയതി 26.09.2025) നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-32 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി -കയർ ഭൂവസ്ത്രം വിരിക്കലുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

ഓഡിറ്റ് വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കയർ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന അളവിന് ആനുപാതികമല്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, അതുപ്രകാരം പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ചെറിയാശ്ശേരി പാടശേഖരം അകം ബണ്ട് ഭൂവസ്ത്രം വിരിക്കൽ

എം.ബുക്ക് നം. - 109/2024-25

പ്രവൃത്തി മൂല്യം - 4,22,878/-

വർക്ക് കോഡ് – 1611012005/FP/412377/ 16.01.2025

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർഭൂവസ്ത്രം വിരിയ്ക്കുന്നതിനായി പ്രതലം ഒരുക്കലിന് 2700 M^2 ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളും എർത്ത് വർക്ക് എസ്കവേഷനായി 2250 M^2 ചെയ്യുന്നതിനായുള്ള മനുഷ്യദിനങ്ങളുമാണ് കണക്കാക്കിയിരുന്നത്. ഹാജരാക്കിയ അളവ് പുസ്തകപ്രകാരം മേൽ പ്രവൃത്തികൾ യഥാക്രമം 2,700 M2, 2115 M^2 അളവിലാണ് നടത്തിയിട്ടുള്ളത്. എർത്ത് വർക്ക് നടത്തിയ 2115 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ അളവ് - 2115 M^2 X 1.05 = 2221 M^2 ആണ്. എന്നാലിവിടെ എസ്റ്റിമേറ്റ് പ്രകാരം ഭൂവസ്ത്രം വിരിക്കുന്നതിനായി 1250 M^2 കയർ ഭൂവസ്ത്രം മാത്രമാണ് (73.50/-രൂപ നിരക്കിൽ) കണക്കാക്കുകയും ബിൽ പ്രകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം, ലഭിച്ച കയർ ഭൂവസ്ത്രം ഉപയോഗിച്ച് 1190 M^2 സ്ഥലത്ത് മാത്രമേ വിരിക്കുന്നതിന് സാധിക്കുകയുള്ളൂ. 1190 M^2 സ്ഥലത്ത് കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിക്ക്

ആവശ്യമായതിലുമധികം അളവ് പ്രതലം ഒരുക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതായി കാണുന്നു.

2. പുതിയാകരി പാടശേഖരം അകം ബണ്ട് ഭൂവസ്ത്രം വിരിക്കൽ

എം.ബുക്ക് നം. - 17/2024-25

പ്രവൃത്തി മൂല്യം - 2,51,334/-

വർക്ക് കോഡ് – 1611012005/FP/403765/ 12.07.2024

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർ ഭൂവസ്ത്രം വിരിയ്ക്കുന്നതിനായി പ്രതലം ഒരുക്കലിന് 1500 M^2 ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളും എർത്ത് വർക്ക് എസ്കവേഷനായി 1250 M^2 ചെയ്യുന്നതിനായുള്ള മനുഷ്യദിനങ്ങളുമാണ് കണക്കാക്കിയിട്ടുള്ളത്. ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം മേൽ പ്രവൃത്തികൾ യഥാക്രമം 1500 M2, 1202 M^2 അളവിലാണ് നടത്തിയിട്ടുള്ളത്. എർത്ത് വർക്ക് നടത്തിയ 1202 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ അളവ് - 1202 M^2 X 1.05 = 1262 M^2 ആണ്. എന്നാലിവിടെ എസ്റ്റിമേറ്റ് പ്രകാരം ഭൂവസ്ത്രം വിരിക്കുന്നതിനായി 1000 M^2 കയർ ഭൂവസ്ത്രം മാത്രമാണ് (73.50/-രൂപ നിരക്കിൽ) കണക്കാക്കുകയും ബിൽ പ്രകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം, ലഭിച്ച കയർ ഭൂവസ്ത്രം ഉപയോഗിച്ച് 952 M^2 സ്ഥലത്ത് മാത്രമേ വിരിക്കുന്നതിന് സാധിക്കുകയുള്ളൂ. 952 M^2 സ്ഥലത്ത് കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിക്ക് ആവശ്യമായതിലുമധികം സ്ഥലം പ്രതലം ഒരുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതായി കാണുന്നു.

3. പെരുമാനിക്കരി പാടശേഖരം -ഭൂവസ്ത്രം വിരിക്കൽ

എം.ബുക്ക് നം. - 72/2024-25

പ്രവൃത്തി മൂല്യം - 4,25,344/-

വർക്ക് കോഡ് – 1611012005/FP/411566/ 06.02.2025

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർ ഭൂവസ്ത്രം വിരിയ്ക്കുന്നതിനായി പ്രതലം ഒരുക്കലിന് 1950 M^2 ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളും എർത്ത് വർക്ക് എസ്കവേഷനായി 1625 M^2 ചെയ്യുന്നതിനായുള്ള മനുഷ്യദിനങ്ങളുമാണ് കണക്കാക്കിയിട്ടുള്ളത്. ഹാജരാക്കിയ അളവ് ബുക്ക് പ്രകാരം മേൽ പ്രവൃത്തികൾ അതേ അളവിലാണ് നടത്തിയിട്ടുള്ളത്. എർത്ത് വർക്ക് നടത്തിയ 1625 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ അളവ് - 1625 M^2 X 1.05 = 1706 M^2 ആണ്. എന്നാലിവിടെ എസ്റ്റിമേറ്റ് പ്രകാരം ഭൂവസ്ത്രം വിരിക്കുന്നതിനായി 1600 M^2 കയർ ഭൂവസ്ത്രമാണ് (73.50/- രൂപ നിരക്കിൽ) കണക്കാക്കുകയും ബിൽ പ്രകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം, ലഭിച്ച കയർ ഭൂവസ്ത്രം ഉപയോഗിച്ച് 1524 M^2 സ്ഥലത്ത് മാത്രമേ വിരിക്കുന്നതിന് സാധിക്കുകയുള്ളൂ. 1524 M^2 സ്ഥലത്ത് കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിക്ക് പ്രതലം ഒരുക്കലിന് 1950 M^2 ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളും എർത്ത് വർക്ക് എസ്കവേഷനായി 1625 M^2 ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളും കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു.

മേൽ പ്രവൃത്തികളിൽ നിന്നും വിഭിന്നമായി ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം നടത്തിയ കയർഭൂവസ്ത്രം വിരിക്കുന്ന മറ്റ് പ്രവ്യത്തികളിലെല്ലാം പ്രതലം ഒരുക്കൽ, എർത്ത് വർക്ക് പ്രവത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുള്ളത് വിരിക്കുന്ന കയർഭൂവസ്ത്രത്തിന്റെ അളവിന് ആനുപാതികമായാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31/29.09.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-33 വെള്ളക്കരം- കുടിശ്ശികയും ഫൈനും വർദ്ധിക്കുന്നു

രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2024 ഏപ്രിൽ മാസത്തെ വെള്ളക്കരം കുടിശ്ശിക 57,92,893/- രൂപയായിരുന്നു(ബിൽ നം.83845 തീയതി 06.04.2024). 2025 മാർച്ച് മാസത്തെ ബിൽ പ്രകാരം (ബിൽ നം.94795 തീയതി 07.04.2025) കുടിശിക 89,62,490/-രൂപയായി വർദ്ധിച്ചിട്ടുണ്ട്. വാട്ടർ

അതോറിറ്റിയുടെ ബിൽ പ്രകാരം പ്രതിമാസ ഡിമാന്റ് 2,08,679/-രൂപയാണ് (172 എണ്ണം ടാപ്പുകൾ). ഉപയോഗക്ഷമമല്ലാത്തതിനാൽ കട്ട് ചെയ്യുന്നതിനായി തുക ഒടുക്കിയ 36 ടാപ്പുകളുടെ തുക കുറവ് ചെയ്ത് 1,64,968/-രൂപയാണ് ഗ്രാമ പഞ്ചായത്ത് പ്രതിമാസം അടച്ചു വരുന്നത്. ഫൈൻ ഇനത്തിൽ ഓരോമാസവും ഒന്നരലക്ഷം രൂപയ്ക്ക് മുകളിലാണ് ബാദ്ധ്യത വർദ്ധിക്കുന്നത്. തൻവർഷം ഉണ്ടായ 31,69,597/-രൂപയുടെ (89,62,490-5792893) കുടിശിക ബാധ്യതയിൽ 26,45,065/-രൂപയും ഫൈൻ ഇനത്തിലുള്ളതാണ് (കട്ട് ചെയ്യാൻ തുക ഒടുക്കിയതിനാൽ ഗ്രാമ പഞ്ചായത്ത് വെള്ളക്കരം ഒടുക്കാത്ത 36 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള 12 മാസത്തെ പ്രതിമാസ ഡിമാന്റ് കഴിച്ചുള്ള തുക). ദൈനംദിന ചെലവുകൾക്ക് പോലും പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വെള്ളക്കര കുടിശികയും, ഫൈനും പെരുകിക്കൊണ്ടിരിക്കുന്നു. ആയത് സർക്കാരിന്റെ ഉൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം പരിഹാരം കണ്ടെത്തേണ്ടതാണ്. ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപയോഗ ശൂന്യമാകുന്ന പൊതു ടാപ്പുകൾ വിച്ഛേദിച്ച് വാട്ടർ ചാർജ്ജ് ഡിമാന്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-34 ജൽജീവ® പദ്ധതി-അവലോകനം

കേന്ദ്ര ഗവ® മെന്റിന്റെ ഒരു പ്രധാന പദ്ധതിയായ ജലജീവ® മിഷ® , 2024 ഓടെ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വഴിയുള്ള ശുദ്ധജല കണക്ഷ® ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2019 ഓഗസ്റ്റി® ആരംഭിച്ചതാണ്. കേരളത്തിലും ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സ® ക്കാരും കേന്ദ്ര സ® ക്കാരും ഒരുമിച്ച് പ്രവ® ത്തിക്കുന്നു. ജലജീവ® പദ്ധതിയുടെ നടത്തിപ്പി® കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ® ക്ക് നി® ണായക പങ്കുണ്ട്. കുടിവെള്ള വിതരണ പദ്ധതികളുടെ ആസൂത്രണം, നി® ർവ്വഹണം, പരിപാലനം എന്നിവയി® പ്രാദേശിക സമൂഹത്തെയും ഗ്രാമപഞ്ചായത്തുകളെയും ഉ® പ്പെടുത്തുന്നത് ദീ® ഘകാല സുസ്ഥിരത ഉറപ്പാക്കാനും കുടിവെള്ള സുരക്ഷ നേടാനും സഹായിക്കുന്നു. ജലജീവ® പദ്ധതിയി® പഞ്ചായത്തുകളുടെ 15% വിഹിതം ഉ® പ്പെടുന്നു.

കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ പദ്ധതിയിൽ, രാമങ്കരി ഗ്രാമ പഞ്ചായത്ത് 2020-21സാമ്പത്തിക വർഷം മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ടിന്റെ പേര്/നം.	അടങ്കൽ	ചെലവ്
2020-21	ജൽ ജീവൻ മിഷന് തുക നൽകൽ പ്രോജക്ട് നം. S0192/21	5,48,000	5,48,000

ടി പദ്ധതി പ്രകാരം എത്ര പേർക്ക് കുടിവെള്ള കണക്ഷൻ ലഭിച്ചു, ഇനി എത്ര പേർക്ക് ലഭിക്കാനുണ്ട്, തുടങ്ങിയ വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

വാട്ട® അതോറിറ്റിയുമായുള്ള ഏകോപനം മെച്ചപ്പെടുത്തി, പുതിയ പ്രോജക്ടുക® ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവ® ത്തനങ്ങ® ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ച® ച്ച ചെയ്യുകയും പരിഹാരങ്ങ® കണ്ടെത്തുകയും വേണം.

ജൽജീവ® മിഷ® ജനകീയ സമീപനത്തിലൂടെ ജലവിതരണം ഉറപ്പാക്കുന്നതിനുള്ള ഒരു വലിയ ചുവടുവെപ്പാണ്. ഇതിന്റെ വിജയത്തിന് കേന്ദ്ര-സംസ്ഥാന സ® ക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും കൂട്ടായ പ്രവ® ത്തനം അനിവാര്യമാണ്.

1-35 ഹെൽത്ത് ഗ്രാന്റ് അവലോകനം

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ കേന്ദ്ര ധനകാര്യമന്ത്രാലയം 16.07.2021 ലെ 15 (2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഗ്രാമപഞ്ചായത്തിന് ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

ഹെ® ത്ത് ഗ്രാന്റ് സ്കീം 3,4 എന്നിവ പ്രകാരം -

വർഷം	ഗ്രാന്റിന്റെ പേര്	ലഭിച്ച തുക	ആകെ ചെലവഴിച്ച തുക	ആകെ നീക്കിയിരുപ്പ്
2022-23	സ്കീം 3	2,30,623	18,404	2,12,219
	സ്കീം 4	80,058	79,441	617
2023-24	സ്കീം 3	6,72,722	0	6,72,722
	സ്കീം 4	2,96,878	0	2,96,878
2024-25	സ്കീം 3	2,92,785	865455	(-572670)
	സ്കീം 4	4,72,970	3,01,664	1,71,306
ആകെ		**20,46,036**	**12,64,964**	**7,81,072**

ഹർത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

വർഷം	പ്രോജക്ടിന്റെ പേര്	ചെലവ്
2022-23	സ്കീം 3 ലാബിന് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തൽ	18,404
2022-23	ഹർത്ത് ആന്റ് വെർനെസ്സ് സെന്റർ	79,441
2023-24	സ്കീം 3 ലാബിന് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തൽ	0
2023-24	ഹർത്ത് ആന്റ് വെർനെസ്സ് സെന്റർ	0
2024-25	ലാബിന് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തൽ	8,65,455

2024-25	ഹെ® ത്ത് ആന്റ് വെ® നെസ്സ് സെന്റർ	3,01,664

ഹെ® ത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങ® ,ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങ®

ആരോഗ്യകേന്ദ്രത്തിലേക്കും സബ്സെന്ററികളിലേക്കും എയർ കണ്ടീഷണർ, ലാപ്ടോപ്പ്, പ്രിന്റർ, വാട്ടർ ഫിൽട്ടറുകൾ, ഫാൻ പോലുള്ള ഉപകരണങ്ങൾ പ്രോജക്ടുകൾ മുഖാന്തിരം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

ബി) ഹെൽത്ത് ഗ്രാന്റ് -വിനിയോഗം

ഹെൽത്ത്ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നാളിതുവരെ നടത്തിയിട്ടില്ല. ഗ്രാന്റിന്റെ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികകളിൽ കൃത്യമായി ഉൾപ്പെടുത്തി വരുന്നതായും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നാളിതുവരെ ആകെ **22,23,075** രൂപ ലഭിച്ചതിൽ **12,79,075** രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ വരവിന്റെ 57.54% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിലൂടെ ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുവാനും മികച്ച സേവനനിലവാരം ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്.

സി) പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ

സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുകയും രോഗ നിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിച്ചതായി അറിയിച്ചു

പഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക

സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-സിഡ്കോയ്ക്ക് അധിക തുക നൽകി

പ്രോജക്ടിന്റെ പേര്, നമ്പർ	60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കട്ടിൽ ജനറൽ പ്രോജക്ട് നം.S0092/25
അടങ്കൽ	₹2,83,800 (വികസന ഫണ്ട്-ജനറൽ)
ചെലവ്	₹2,83,140 (വികസന ഫണ്ട്-ജനറൽ)
ബിൽ നം., തീയതി	TRN 240604000000005869/10.10.2024, ₹2,83,140

ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ, കടവന്ത്ര സിഡ്കോയിൽ നിന്നുള്ള ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ (നം. ALPY/23-24/315, 25.3.24 - 47 കട്ടിലുകളുടെ വില ₹1,94110/-, നം. ALPY/23-24/287, 21.3.24 – 22 കട്ടിലുകളുടെ വില ₹90,860/-)

ആകെ 69 കട്ടിലുകളുടെ വിലയിനത്തിൽ ₹2,83,140/- രൂപ (രണ്ടാമത്തെ ഇൻവോയ്സിൽ നിന്നും ₹1,830/- രൂപ കുറവ് ചെയ്ത്)സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. ഒരു കട്ടിലിന് ₹4,130/- രൂപ നിരക്കിൽ 69 കട്ടിലുകളുടെ വില ₹2,84,970/- രൂപ ആണെങ്കിലും ബിൽ തുകയിൽ നിന്നും ₹1,830/- രൂപ കുറച്ച് ₹2,83,140/- രൂപയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ സിഡ്കോയിൽ നിന്നും 66 കട്ടിലുകൾ മാത്രമാണ് കൈപ്പറ്റി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത്. 3 കട്ടിലുകളുടെ വില അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(29/29.9.2025) മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത 3 കട്ടിലുകൾക്കായി ചെലവഴിച്ച ₹12,390/- രൂപയിൽ, ആകെ ബിൽ തുകയിൽ നിന്നും കുറവ് ചെയ്ത ₹1,830/- രൂപ കുറച്ച് ₹10,560/- (₹12,390-₹1830) രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. ടി തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

3-2 അങ്കണവാടികളിലേയ്ക്ക് പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ-കാട്ട് ചെയ്തതിലും അധികനിരക്കിൽ വാങ്ങൽ നടത്തി

പ്രോജക്ടിന്റെ പേര്, നമ്പർ	അങ്കണവാടികളിലേയ്ക്ക് പാത്രങ്ങൾ വാങ്ങൽ, പ്രോജക്ട് നം. S0108/25 Spill Over
അടങ്കൽ	₹14000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ചെലവ്	₹14000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
ബിൽ നം./തീയതി	TRN 240604000000004431/25.7.24, ₹14,000/-
നിർവ്വഹണം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ടി പദ്ധതിയിൽ, മുൻവർഷം ടെണ്ടർ ക്ഷണിച്ച് AFSAL Metals എന്ന സ്ഥാപനത്തിൽ നിന്നും അങ്കണവാടികളിലേയ്ക്കാവശ്യമായ പാത്രങ്ങളും അടുക്കള ഉപകരണങ്ങളും വാങ്ങിയിരുന്നു. ഇതിനായി 86,000/- രൂപ മുൻവർഷം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തൻവർഷം 14,000/- രൂപയും നൽകിയിട്ടുണ്ട്.

മുൻവർഷത്തെ വാങ്ങൽ സംബന്ധിച്ച വിവരങ്ങളും സ്റ്റോക്ക്, വിതരണ രേഖകളും ഫയലിൽ ഇല്ല. എന്നാൽ ടെണ്ടർ രജിസ്റ്റർ ഹാജരാക്കി. ലഭ്യമാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ, ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഗ്യാസ് ലൈറ്ററിന് ക്വാട്ട് ചെയ്ത നിരക്ക് 60/- രൂപയാണെന്നിരിക്കെ 200/- രൂപ നിരക്കിലാണ് ലൈറ്ററുകൾ 17 എണ്ണം വാങ്ങിയിരിക്കുന്നത്. അധിക നിരക്കിൽ വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/29.9.25) മറുപടി ലഭ്യമാക്കിയില്ല. ക്വാട്ട് ചെയ്തതിലും അധിക നിരക്കിൽ ഗ്യാസ് ലൈറ്റർ പർച്ചേസ് ചെയ്തത് വഴി 2,380/- രൂപയുടെ(140x17) അധിക ചെലവ് ഉണ്ടായി. പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. അധികം നൽകിയ 2,380/- രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം

1) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
11	66,000/-	66,000/-	0	-

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

3) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	5,00,000	ലൈഫ് ഭവനപദ്ധതി ജനറൽ	5,00,000	0
ബ്ലോക്ക്പഞ്ചായത്ത്	2024-25	2,71,000	ലൈഫ് ഭവനപദ്ധതി എസ് സി	2,71,000	0
ബ്ലോക്ക്പഞ്ചായത്ത്	2024-25	1,00,000	പാലിയേറ്റീവ് പരിചരണപദ്ധതി	1,00,000	0
ബ്ലോക്ക്പഞ്ചായത്ത്	2024-25	1,77,271	അങ്കണവാടി പോഷകാഹാരപദ്ധതി	1,77,271	0
ബ്ലോക്ക്പഞ്ചായത്ത്	2024-25	50,000	മാമ്പുഴക്കരി ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങൽ	50,000	0
ബ്ലോക്ക്പഞ്ചായത്ത്	2024-25	1,85,000	ശാരീരിക മാനസികവെല്ലുവിളി	1,85,000	0

			നേരിടുന്നവർക്ക് സ്കോളർഷിപ്പ്		
ആകെ		12,83,271		12,83,271	0
ജില്ലാ പഞ്ചായത്ത്	2024-25	1,00,000	പാലിയേറ്റീവ് പരിചരണപദ്ധതി	1,00,000	0
ജില്ലാ പഞ്ചായത്ത്	2024-25	7,98,000	ലൈഫ് ഭവനപദ്ധതി (ജനറൽ)	7,98,000	0
ജില്ലാ പഞ്ചായത്ത്	2024-25	6,20,000	ലൈഫ് ഭവനപദ്ധതി (എസ്സ് സി)	6,20,000	0
ജില്ലാ പഞ്ചായത്ത്	2024-25	93,680	ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	93,680	0
ആകെ		16,11,680		16,11,680	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

വർഷം	നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൌച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക

2024-25	കേരളാ വാട്ടർ അതോറിറ്റി	പ്രോജക്ട് നം. S0208/25 കേരളാ വാട്ടർ അതോറിറ്റി സ്ട്രീറ്റ് ലൈൻ കട്ട് ചെയ്യുന്നതിനുള്ള തുക അടവാക്കൽ	041512 തീയതി 25.09.2024	77,000	77,000	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പതുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഹഡ്കോ വായ്പ		41,75,674	65,85,708	9,95,338		97,66,044

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	10,00,000
തൻവർഷം നിക്ഷേപിച്ച തുക	6,50,000
ആകെ	10,65,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	10,65,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
	സബ് ട്രഷറി, മങ്കൊമ്പ്	-	-	10,65,000	-
ആകെ				10,65,000	

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹3,24,09,903
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹2,86,60,041
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹12,940/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹10,42,134/-

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	വരവ് നഷ്ടം	ചെലവ് നഷ്ടം	
3-1 (1-12എ)		₹10,560/-	ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-2 (1-13)		₹2,380/-	ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ആകെ	-	₹12,940/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-12(ബി)	₹12,450/-	ശ്രീമതി അജിഷ എം.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ

1-15	₹3,62,885/-	ശ്രീമതി അമ്പിളി എസ്., ഹെഡ്മിസ്ട്രസ്സ്
1-16	₹60,000/-	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി
1-17	₹2,35,457/-	ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-18	₹1,65,342/-	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി
1-19	₹77,000/-	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി
1-20	₹29,000/-	ഡോ. സ്മിത സെബാസ്റ്റ്യൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
1-21	₹1,00,000/-	ശ്രീമതി സ്മിത ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ആകെ	₹10,42,134/-	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-31	₹42,854/-	ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി
ആകെ	₹42,854/-	

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി അമൃതലക്ഷ്മി എസ്., ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കരുവാറ്റ ഗ്രാമപഞ്ചായത്ത്	വടക്കേഅയ്യത്ത് വീട്, നീർക്കുന്നം പി.ഒ., വണ്ടാനം
അജിഷ എം.വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, രാമങ്കരി ഗ്രാമപഞ്ചായത്ത്	ആകാശ് ഭവൻ, നെയ്യാറ്റിൻകര പി.ഒ., തിരുവനന്തപുരം
ശ്രീമതി അമ്പിളി എസ്., ഹെഡ്മിസ്ട്രസ്സ്	ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്., വേഴപ്ര	പെരുമാനിക്കരി പുന്നകുന്നം പി.ഒ. പുളിങ്കുന്ന് ചമ്പക്കുളം, ആലപ്പുഴ
ശ്രീ.ജെനിമോൻ എസ്., സെക്രട്ടറി	സീനിയർ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ	സൗപർണ്ണിക, പൂന്തോപ്പ്

		അവലൂക്കുന്ന് പി.ഒ., ആലപ്പുഴ
ശ്രീമതി സ്മിത ആർ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, രാമങ്കരി ഗ്രാമ പഞ്ചായത്ത്	തിരുനെല്ലി, കൊറ്റംകുളങ്ങര അവലൂക്കുന്ന് പി.ഒ.
ഡോ.സ്മിത സെബാസ്റ്റ്യൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. രാമങ്കരി ഗ്രാമ പഞ്ചായത്ത്	കണിയമ്പാടി, സീവ്യൂ വാർഡ് ബസാ® പി.ഒ., ആലപ്പുഴ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1994-95, 1995-96	എൽ.എഫ്.എ.10/937/97/30.05.1999
1999-00	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2006-07	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2010-11	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2011-12, 2012-13	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023

2013-14	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2014-15	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2015-16	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2016-17	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2017-18	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2018-19	കെ.എസ്.എ-എ.എൽ.പി/പി-10-1261/2022 തീയതി 16.05.2023
2019-20	കെ.എസ്.എ-എ.എൽ.പി/പി-9-348/2021 തീയതി 26.04.2021
2020-21	കെ.എസ്.എ-എ.എൽ.പി/പി-10-164/2022 തീയതി 19.03.2022
2021-22	കെ.എസ്.എ-എ.എൽ.പി/പി-10-1675/2022 തീയതി 25.01.23
2022-23	കെ.എസ്.എ-എ.എൽ.പി/പി-10-1275/2023 തീയതി 07.12.2023
2023-24	കെ.എസ്.എ-എ.എൽ.പി/പി-10-959/2024 തീയതി 29.11.2024

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 17/1 dated 17/1 dated 29-04-2025 and submitted on 03-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ramankary Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and

according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ramankary Grama Panchayat as on 31-03-2025

Date: 03/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ramankary Grama Panchayat for the Year 2024-2025.

1.Major Observations

1. Various Bank accounts opened in the name of Secretary Ramankary Grama Panchayath for official purposes are not included in the annual accounts.

2.Other Observations

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2) Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.

3) The bank balances in the reconciliation statement and bank passbook do not match.
a) Kerala Grameena Bank UPI payment(40644101065439)
b) State Bank of India (67047053428)

4) Amount payable to water authority does not included as a liability.

5) No further action taken to adjust the amount directly debited by the bank.

6) Passbook /Bank Statement of Nationalised Bank Account of Own Revenue Fund not produced for audit.

7) The following registers are not properly maintained.

a) Deposit Register

b) Loan Register

8) Festival advance shown negative balance in the balance sheet.

9) Central Finance Commission Grant- Amount included in AFS mismatch with ACR and Expenditure statement.

10) Amount Deposit With Kerala Water Authority does not included in Balance sheet schedule B-18.

11) Lapses in making timely and accurate demand entries in taxes and non taxes revenue.

12) Liability shown in the balance sheet inrespect of CFC Grant does not tally with the bank account opened for the purpose.

13) An amount of 6,50,000/- deposited in Sub Treasury as Fixed deposit does not included in the balance sheet schedule B-12.

14) Fixed deposit amount (âÂÂÂ□ÂÂÂ¹10,00,000/-) included both in the balance sheet schedule B-12(Investment) and in B-17(Bank Balance).

15) The amount of Social security pension included in AfS mismatch with Reports from Sevana Pension portal.

16) Interest from fixed deposits included in AFS mismatch with treasury account statement.

17) Loan repayment - Expenses not recorded under the correct head of account.

18) Performance Grant - Liability recorded for lapsed amount.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്